

# Miriam (മിര്യാം)

യിസ്രായേൽ ചരിത്രത്തിൽ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞ ഒരു സ്ത്രീരത്നമാണ് അമ്രാമിന്റെയും യോഖേബെദിന്റെയും മൂത്തമകളും, അഹരോന്റെയും മോശയുടെയും സഹോദരിയുമായ മിര്യാം. ആദരണീയരായ രണ്ട് മഹത്വ്യക്തികളുടെ സഹോദരിയായ ഇവർ നല്ല ഒരു കവയത്രിയും, ഒരു പാട്ടുകാരിയുമാണ്. അമ്മയിൽ നിന്ന് ലഭിച്ച ധൈര്യം, വിശ്വാസം, പ്രാർത്ഥന എല്ലാം തന്നെ ഇവളെയും കഴിവുള്ളവളാക്കി. ഈ ലേവ്യപെൺകുട്ടിയെ പഠനവിധേയ ആക്കുന്നത് നമ്മുടെ ആത്മീയ ജീവിതത്തിന്റെ ഉയർച്ചതാഴ്ചകളെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കുന്നു.

**മിര്യത്തിന്റെ പ്രത്യേകതകൾ**

1. സഹോദരനെക്കുറിച്ച് ഭാരമുള്ള സഹോദരി

തന്റെ കുഞ്ഞു സഹോദരനെ ഓർത്ത് മാതാപിതാക്കൾ ഭാരപ്പെടുന്നതും, ഞാങ്ങണപെട്ടിയിലാക്കി ഞാങ്ങണയുടെ ഇടയിൽ വയ്ക്കുന്നതും കണ്ട പെൺകുട്ടി അവന് എന്തു ഭവിക്കുമെന്നറിയുവാൻ ദൂരത്തുനിന്നു(പുറ:2:4) സ്വന്തസഹോദരനെക്കുറിച്ച് ഭാരമുള്ളതിനാലാണ് അവൾ അവിടെ നിന്നത്.

ഒരു ദൈവപൈതൽ എപ്പോഴും മറ്റുള്ളവരുടെ ആത്മീയവളർച്ചയോർത്ത് ആത്മഭാരത്തോടെ പ്രാർത്ഥിക്കണം. ഇന്ന്

ആർക്കും ആരെക്കുറിച്ചും ഭാരമോ, കരുതലോ ഇല്ലാത്ത ലോക മാണ്. കൂട്ടുവിശ്വാസികളെ ഓർത്തോ, സ്വന്തക്കാരേ മാത്രം ഓർത്തോ ഭാരപ്പെടുന്നവരായിട്ടല്ല സകലർക്കും വേണ്ടി ഭാര ത്തോടെ പ്രാർത്ഥിക്കുക.

2. **<u>തക്കസമയത്ത് മൗനം മാറ്റി സഹോദരനുവേണ്ടി സംസാരിച്ച പെൺകുട്ടി.</u>**

പെട്ടകത്തിന്റെ മൂടി മാറ്റി കുഞ്ഞിന്റെ കരച്ചിൽ കേട്ട ഫറ വോന്റെ പുത്രിയുടെ മുഖഭാവം തീർച്ചയായും മിര്യാം ശ്രദ്ധിച്ചു കാണും. മനസ്സലിവും സ്നേഹവും ആ മുഖത്ത് മിന്നിമറഞ്ഞ ഷോൾ അവൾ ഫറവോന്റെ പുത്രിയുടെ അടുത്തു ചെന്ന് പൈതലിന് മുലകൊടുത്തു വളർത്തുവാൻ ഒരു എബ്രായ സ്ത്രീയെ വിളിച്ചു കൊണ്ടുവരാം എന്ന് പറഞ്ഞു. ആ സഹായ ഹസ്തം പൈതലിനെ വീണ്ടും അമ്മയുടെ അടുക്കലെത്തിച്ചു. തന്റെ കുഞ്ഞാങ്ങള യഹൂദാവീര്യം ഉൾക്കൊള്ളുന്ന തന്റെ അമ്മ നൽകുന്ന പാൽ കുടിച്ചാൽ മതി എന്ന ദൃഢനിശ്ചയമാണ് ഒരു രാജകുമാരിയോട് സംസാരിഷാൻ അവൾക്ക് ധൈര്യം നൽകിയ ത്. ഇതാണ് ദൈവത്തിന്റെ കരുതൽ. തന്റെ മക്കൾക്കു വേണ്ടി സർവ്വശക്തൻ കരുതിയത് എത്ര വലിയ നന്മയാണ്.

3.**<u>മിര്യാം എന്ന പ്രവാചകിയും, കവയത്രിയും</u>**




“ഭയപ്പെടേണ്ട, ഉറച്ചു നിൽഷിൻ യഹോവ ചെയ്യാനിരിക്കുന്ന രക്ഷ കണ്ടു കൊൾവിൻ” എന്ന സഹോദരന്റെ വാക്കു കൾ കേട്ട മിര്യാം ദൈവം ചെയ്ത അത്ഭു തങ്ങൾ കാണുകയും ചെയ്തു. യിസ്രാ യേൽ ജനത്തിന് രാത്രി പ്രകാശമാക്കി, ഉണങ്ങിയ നിലത്തുകൂടി തന്റെ ജനത്തെ നടത്തുകയും ചെയ്തു. പ്രഭാതയാമത്തിൽ ചത്തടിഞ്ഞ മിസ്രേമ്യരെയും, രഥങ്ങ ളെയും കുതിരപ്പടയേയും മുക്കി കൊന്നതും കണ്ടഷോൾ മോശയും , യിസ്രായേൽ മക്കളും സങ്കീർത്തനംപാടി ദൈവത്തെ സ്തുതിച്ചു. മിര്യാം പ്രതിഗാനം

പാടി തപ്പെടുത്ത് , മറ്റു സ്ത്രീകളോടൊപ്പം ചേർന്ന് ദൈവത്തെ സ്തുതിച്ചു.

4. **അസൂയാലുവായ സഹോദരി**

ദൈവീകാലോചനകൾ പ്രാപിച്ച് ജനത്തിന് നൽകുകയും, പ്രവചനാത്മാവിൽ സംസാരിക്കുകയും ചെയ്ത മിര്യാമിൽ അസൂയ കടന്നു കയറിയപ്പോൾ ആത്മീയ നിലനില്പ് നഷ്ടമായി. യോഹ(8:31)ൽ യേശു പറയുന്നു 'എന്റെ വചനത്തിൽ നില നിന്നാൽ നിങ്ങൾ എന്റെ ശിഷ്യൻമാരാകും എന്ന്'. മോശയ്ക്ക് വിരോധമായി അഹരോനും മിര്യാമും സംസാരിച്ചു(പുറ 12:1,2) നിഗളം, അസൂയ ഇവ കടന്നുകൂടാതെ സൂക്ഷിക്കുക. യഹോവയുടെ കോപം അവളുടെ മേൽ വന്നു. അവൾ കുഷ്ഠരോഗിണിയായിത്തീർന്നു. അസൂയ നിന്നെ കാർന്നുതിന്നാതെ സൂക്ഷിക്കുക.

5. **പാളയത്തിന് പുറത്തായ പ്രവാചകി**

യിസ്രായേല്യ സഭയിൽ സമുന്നതസ്ഥാനം ഉണ്ടായിരുന്നവൾ ദൈവത്തിന്റെ പ്രീയപ്പെട്ടവനോടു കാണിച്ച അസൂയയും, ഈർഷ്യയുമാണ് പാളയത്തിനു പുറത്ത് അവളെ എത്തിച്ചത്. എന്നാൽ ശാന്തശീലനായ മോശ തനിക്കു വിരോധമായി സംസാരിച്ചവൾക്കു വേണ്ടി ദൈവത്തോടു യാചിച്ചു. അതിനാൽ ശിക്ഷയ്ക്ക് ഇളവ് ലഭിക്കുകയും ഏഴുദിവസം പാളയത്തിനു പുറത്ത് കഴിയേണ്ടതായും വന്നു. അതിനാൽ ജനം യാത്ര മുടക്കി പാളയത്തിൽ കഴിഞ്ഞു. ജഢസ്വഭാവത്തിന്റെ പൂർത്തീകരണത്തിനു വേണ്ടി പ്രശ്നമുണ്ടാക്കുന്നവരെ കൈകാര്യം ചെയ്യാതെ കണ്ണടച്ചു കളയുന്നവനല്ല ദൈവം.

ഇതിൽ നിന്ന് നാം പഠിക്കേണ്ട പ്രധാന പാഠം സ്വീകരിക്കുക. കുടുംബം, സാമ്പത്തീകസ്ഥിതി, പ്രശസ്തി, കഴിവ് ഇവ ഉണ്ടെന്ന് സ്വയം നിഗളിച്ച്, ദൈവം അയയ്ക്കാതെ, ജനം അംഗീകരിക്കാതെ വിശുദ്ധസ്ഥലത്ത് നിന്നുകൊണ്ട് ആരെയും എന്തും പറയുന്ന സ്വഭാവം കാണിച്ചാൽ നീക്കുപോക്കില്ലാത്ത ശിക്ഷ ഏറ്റുവാ

ങ്ങേണ്ടതായി വരും. ഇത് ഒരു ദൈവീക നിർദ്ദേശമായി സ്വീകരിക്കുക.

6. **കാദേശിൽ വച്ച് മരിച്ച ഭക്ത**

വീണുപോയവളുടെ തെറ്റ് ദൈവം ക്ഷമിച്ചു എങ്കിലും പഴയ കൃപ അവൾക്ക് നഷ്ടമായി. തങ്ങൾക്ക് ലഭിച്ച ദൈവകൃപ അവസാനംവരെ കാത്തുസൂക്ഷിപ്പാൻ ഇടയാകണേ എന്ന് പ്രാർത്ഥിക്കുക. ചെയ്തപ്രവർത്തി, അനുഭവിച്ച കഷ്ടത, നഷ്ടമായ ദൈവകൃപ ഇവയുടെ ആഘാതമായിരിക്കാം മരണകാരണമായത് എന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. വാഗ്ദത്തദേശിന് അടുത്തുവരെ വന്നിട്ടും അവിടെ പ്രവേശിക്കാതെ കാദേശിൽ വച്ച് മരിച്ചു അവിടെ അടക്കം ചെയ്യുകയും ചെയ്തു.

പ്രീയരേ നിത്യതയ്ക്കായി നിങ്ങളെത്തന്നെ സൂക്ഷിക്കുക, നിങ്ങളുടെ നിഗളം ഉപേക്ഷിക്കുക. പ്രാർത്ഥനയോടെ പ്രതികൂലങ്ങളെ അതിജീവിപ്പാൻ ദൈവം സഹായിക്കട്ടെ

Santhamma Varghese


Website: www.biblestudy.co.in

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind


.